സൂറഃ-8

# അൽ അൻഫാൽ

3. അവർ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നവരും നാം നൽകിയതിൽനിന്ന് സൽകാര്യങ്ങളിൽ ചെലവഴിക്കുന്നവരുമാകുന്നു.

4. അവരാകുന്നു യഥാർഥ സത്യവിശ്വാസികൾ. അവർക്കുള്ളതാകുന്നു വിധാതാവിങ്കലുള്ള ഉന്നത സ്ഥാനങ്ങളും പാപമുക്തിയും മഹത്തായ വിഭവങ്ങളും.

5. നാഥൻ നിന്നെ വീട്ടിൽനിന്ന് ന്യായയുക്തമായി പുറപ്പെടുവിച്ചപ്പോഴുണ്ടായതുപോലെ തന്നെയാകുന്നു യുദ്ധമുതലുകളിലുള്ള ഈ തർക്കവും. വിശ്വാസികളിലൊരു വിഭാഗത്തിന് അതും അരോചകം തന്നെയായിരുന്നുവല്ലോ.

6. സത്യം വ്യക്തമായി കഴിഞ്ഞിട്ടും അവർ നിന്നോട് തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു; തങ്ങൾ കണ്ടുകൊണ്ട് മരണത്തിലേക്ക് ആട്ടിത്തെളിക്കപ്പെടുന്നതുപോലെയായിരുന്നു അവരുടെ ഭാവം.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣﴾

أُو۟لَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّا ۚ لَّهُمْ دَرَجَٰتٌ عِندَ رَبِّهِمْ وَمَغْفِرَةٌ
وَرِزْقٌ كَرِيمٌ ﴿٤﴾

كَمَآ أَخْرَجَكَ رَبُّكَ مِنۢ بَيْتِكَ بِٱلْحَقِّ وَإِنَّ فَرِيقًا مِّنَ ٱلْمُؤْمِنِينَ لَكَٰرِهُونَ
﴿٥﴾

يُجَٰدِلُونَكَ فِى ٱلْحَقِّ بَعْدَ مَا تَبَيَّنَ كَأَنَّمَا يُسَاقُونَ إِلَى ٱلْمَوْتِ وَهُمْ
يَنظُرُونَ ﴿٦﴾

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ = അവർ നമസ്കാരം നിലനിർത്തുന്നവരുമാകുന്നു (മുറപ്രകാരം അനുഷ്ഠിക്കുന്നവർ)

وَمِمَّا رَزَقْنَٰهُمْ = നാം അവർക്ക് നൽകിയതിൽനിന്ന് يُنفِقُونَ = അവർ ചെലവഴിക്കുന്നു(ന്നവരാകുന്നു)

أُو۟لَٰٓئِكَ هُمْ = അവർതന്നെയാകുന്നു ٱلْمُؤْمِنُونَ = സത്യവിശ്വാസികൾ حَقًّا = യഥാർഥമായ لَّهُمْ = അവർക്കുള്ളതാകുന്നു

دَرَجَٰتٌ = (ഉന്നത) പദവികൾ عِندَ رَبِّهِمْ = അവരുടെ വിധാതാവിങ്കലുള്ള وَمَغْفِرَةٌ = പാപമുക്തിയും

وَرِزْقٌ = വിഭവവും كَرِيمٌ = മഹത്തായ

كَمَآ أَخْرَجَكَ رَبُّكَ = നിന്റെ നാഥൻ നിന്നെ പുറപ്പെടുവിച്ചതുപോലെ (അപ്പോഴുണ്ടായത് പോലെത്തന്നെയാകുന്നു യുദ്ധമുതലുകളിലുള്ള ഈ തർക്കവും)

مِنۢ بَيْتِكَ = നിന്റെ വീട്ടിൽനിന്ന് بِٱلْحَقِّ = (ന്യായയുക്തമായി) സത്യവും കൊണ്ട് وَإِنَّ فَرِيقًا = തീർച്ചയായും ഒരു വിഭാഗം(ഗത്തിന്)

مِّنَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളിൽ لَكَٰرِهُونَ = (അത് അരോചകംതന്നെയായിരുന്നുവല്ലോ) വെറുക്കുന്നവർതന്നെ

يُجَٰدِلُونَكَ = (അവർ നിന്നോട് തർക്കിക്കുന്നു(ച്ചുകൊണ്ടിരിക്കുകയായിരുന്നു) فِى ٱلْحَقِّ = (തെക്കുറിച്ച്) സത്യത്തിൽ

بَعْدَ مَا تَبَيَّنَ = (ട്ടും) വ്യക്തമായി കഴിഞ്ഞിട്ട്

كَأَنَّمَا يُسَاقُونَ = (തങ്ങൾ ആട്ടിത്തെളിക്കപ്പെടുന്നതുപോലെയായിരുന്നു അവരുടെ ഭാവം) അവർ നയിക്കപ്പെടുന്നു എന്ന പോലെ

إِلَى ٱلْمَوْتِ = മരണത്തിലേക്ക് وَهُمْ يَنظُرُونَ = (കണ്ടുകൊണ്ട്) അവർ നോക്കിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ

**3:** നമസ്കാരവും ധനവ്യയവുമാണ് നാലാമത്തെയും അഞ്ചാമത്തെയും ലക്ഷണങ്ങൾ. ആദ്യത്തെ മൂന്ന് ലക്ഷണങ്ങൾ മാനസികമാണ്. നാലാമത്തെയും അഞ്ചാമത്തെയും ലക്ഷണങ്ങൾ ശാരീരികം അഥവാ കർമപരമാണ്. ഈമാനികജീവിതത്തിൽ നമസ്കാരത്തിനും ധനവ്യയത്തിനും ഉള്ള പ്രാധാന്യം നേരത്തേ പല സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈമാനും കുഫ്റും തമ്മിൽ വേർതിരിക്കുന്ന ഘടകമാണ് നമസ്കാരം എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. നമസ്കാരം വർജിക്കുന്നത് ഹിതകരമാണ് എന്നു കരുതുന്നവൻ, അങ്ങനെ കരുതുന്നതു കാരണംതന്നെ കാഫിറാകുന്നു എന്ന് കർമശാസ്ത്ര പണ്ഡിതന്മാർ സിദ്ധാന്തിച്ചിരിക്കുന്നു. യഥാർഥ വിശ്വാസികളുടെ കൈവശമുള്ളതെല്ലാം അല്ലാഹു നൽകിയിട്ടുള്ളതാണെന്ന് മുഅ്മിനുകൾക്ക് നന്നായറിയാം. ദാതാവിന്റെ ഇഷ്ടപ്രകാരം അത് ചെലവഴിക്കാൻ അവർക്ക് ഒരു മടിയുമില്ല. അങ്ങനെ ചെലവഴിച്ചതുകൊണ്ട് തങ്ങൾ ഇല്ലാത്തവരും ദുരിതബാധിതരുമായിത്തീരുമെന്ന ഭയമൊന്നും അവരെ തീണ്ടുകയില്ല. സൽകാര്യങ്ങളിൽ ചെലവഴിക്കുന്തോറും അല്ലാഹു കൂടുതൽ കൂടുതൽ തന്നുകൊണ്ടിരിക്കുമെന്ന ശുഭപ്രതീക്ഷയുള്ളവരാണവർ.

ഈമാനിന്റെ ഇതര ലക്ഷണങ്ങളെ സമന്വയിപ്പിക്കുന്നതും അവയുടെ സക്രിയ രൂപം പ്രകടിപ്പിക്കുന്നതുമായ രണ്ടു ലക്ഷണങ്ങളാണ് ഒടുവിൽ പറഞ്ഞ നമസ്കാരവും ധനവ്യയവും. ഇതര ലക്ഷണങ്ങളെ സജീവമായി നിലനിർത്തുന്ന ഗുണങ്ങൾ കൂടിയാണവ. അല്ലാഹുവിനെക്കുറിച്ച് കേട്ടാൽ പ്രകമ്പിതരാവുകയും അവന്റെ സൂക്തങ്ങൾ കേട്ടാൽ ഈമാൻ വർധിക്കുകയും സർവസ്വം അവനിൽ സമർപ്പിക്കുകയും ചെയ്യുന്നവർ നമസ്കാരത്തിൽനിന്നും ധനവ്യയത്തിൽനിന്നും അകന്നുമാറിയാൽ വളരെ പെട്ടെന്ന് മറ്റു ഗുണങ്ങളും അവരിൽനിന്ന് ചോർന്നുപോകും.

**4:** ഉപരിസൂചിത ഗുണങ്ങളാൽ വിഭൂഷിതരായ യഥാർഥ വിശ്വാസികൾക്കാണ് അല്ലാഹുവിങ്കലുള്ള മഹത്തായ സ്ഥാനമാനങ്ങൾ. അല്ലാഹു പാപങ്ങളിൽനിന്ന് പരിശുദ്ധരാക്കുന്നതും അവരെയാണ്. ആദരണീയമായ വിഭവങ്ങളരുളുന്നതും അവർക്കുതന്നെ. ഇവിടെ പാപമുക്തി - مَغْفِرَةٌ-യെക്കുറിച്ചുള്ള പരാമർശം ഏറെ ശ്രദ്ധേയമാകുന്നു. മുകളിൽ പറഞ്ഞ ഗുണങ്ങൾ തികഞ്ഞവർ യാതൊരു പാപത്തിലും അകപ്പെടാത്തവരായിരിക്കണമെന്നില്ല. മനുഷ്യസഹജമായ കുറ്റങ്ങളും കുറവുകളും അവർക്കും സംഭവിക്കാം. എന്നാൽ തങ്ങൾക്കു സംഭവിക്കുന്ന കുറ്റങ്ങളിൽ അവർ ഉറച്ചുനിൽക്കുകയില്ല. അല്ലാഹുവിനെ ഓർക്കുന്നതോടെ അതിൽനിന്ന് പിന്തിരിയുകയും പശ്ചാത്തപിക്കുകയും ചെയ്യും. അപ്പോൾ അല്ലാഹു അവരുടെ വീഴ്ചകളെല്ലാം പൊറുത്തുകൊടുക്കും. മനുഷ്യന് ആവശ്യമായ ഭൗതികവും ബൗദ്ധികവുമായ എല്ലാ വിഭവങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് رِزْقٌ. മനുഷ്യർക്ക് ലഭിക്കുന്ന എല്ലാ വിഭവങ്ങളും അല്ലാഹുവിന്റെ ദാക്ഷിണ്യം കൊണ്ടും കാരുണ്യം കൊണ്ടും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ വിഭവങ്ങൾ അർഹിക്കാത്തവർക്കും അവരുടെ ആവശ്യമനുസരിച്ച് അല്ലാഹു വിഭവങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ ഗുണങ്ങളുള്ള വിശ്വാസികൾക്ക് നൽകുന്ന വിഭവങ്ങൾ അവരർഹിക്കുന്നതും അവകാശപ്പെട്ടതുമാണ്. അതുകൊണ്ടാണ് അതിനെ മാന്യമായ, ആദരണീയമായ - كَرِيمٌ - എന്നു വിശേഷിപ്പിച്ചത്.

മുകളിൽ പറഞ്ഞ 2 മുതൽ 4 വരെ സൂക്തങ്ങളിൽ ഈമാനിന്റെ യാഥാർഥ്യം തെളിയിച്ചുകാണിച്ചിരിക്കുന്നു. ഈമാൻ ഒരു ശുഷ്കിച്ച മരത്തടിയല്ല. അതിന് വേരുകളും ശാഖകളും ഇലകളും പൂക്കളും ഫലങ്ങളുമെല്ലാം ഉണ്ട്. ഖുർആൻ മറ്റൊരിടത്ത് അതിനെ أَصْلُهَا ثَابِتٌ وَفَرْعُهَا فِى ٱلسَّمَآءِ (അതിന്റെ മൂലം മണ്ണിൽ ഉറച്ചതും ശാഖകൾ അംബരചുംബികളുമാകുന്നു) എന്നാണ് വർണിച്ചിട്ടുള്ളത്. വിശ്വാസപ്രമാണങ്ങളാകുന്ന വേരുകളിലൂടെ ഉൺമയുടെ പൊരുളിനെ ചൂഴ്ന്നു നിൽക്കുന്നതുപോലെ, അതിന്റെ നിയമങ്ങളും വ്യവസ്ഥകളും ആകാശം മുട്ടെ വളർന്നുയർന്ന് പന്തലിച്ച ശാഖകൾ പോലെ ബാഹ്യജീവിതത്തെ സമഗ്രമായി സ്വാധീനിക്കുകയും ചെയ്യുന്നു. നല്ല ആരോഗ്യമുള്ള വൃക്ഷം വേരുകളിലൂടെയെന്ന പോലെ ചില്ലകളിലൂടെയും ഇലകളിലൂടെയും വളം വലിച്ചെടുക്കുന്നു. അതുപോലെ ഈമാൻ വിശ്വാസപ്രമാണ വിജ്ഞാനത്തിലൂടെയും കർമങ്ങളുടെ നിർവഹണത്തിലൂടെയും, പോഷകവും ശക്തിയും നേടുന്നു. വേരുകൾ നിർജീവമാകുമ്പോൾ വൃക്ഷം ഉണങ്ങുന്നതുപോലെ, ജ്ഞാനത്തിന്റെ അഭാവത്തിൽ ഈമാൻ നിഷ്പ്രഭമാകുന്നു. ഇലകളും പൂക്കളും ഫലങ്ങളും ഇല്ലാതാകുമ്പോൾ വൃക്ഷം നിഷ്പ്രയോജനമാകുന്നതുപോലെ കർമങ്ങളില്ലാതാകുമ്പോൾ ഈമാനും നിഷ്പ്രയോജനമാകുന്നു.

**5,6:** യുദ്ധമുതലുകളുടെ കാര്യത്തിൽ മുസ്‌ലിംകൾക്കിടയിലുണ്ടായ തർക്കം ഒരു അച്ചടക്കരാഹിത്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഇതേവിധത്തിലുള്ള അച്ചടക്കരാഹിത്യങ്ങൾ ബദ്ർ സംഭവത്തിന്റെ തുടക്കം മുതലേ പല വിശ്വാസികളിലും പ്രകടമായത് ചൂണ്ടിക്കാണിക്കുകയാണ്. 'നിന്നെ പുറപ്പെടുവിച്ചതുപോലെ' എന്നാണ് كَمَآ أَخْرَجَكَ-യുടെ ഭാഷാർഥം. നേരത്തേ പരാമർശിച്ച കാര്യവുമായി ഏതെങ്കിലും തരത്തിൽ സാദൃശ്യമോ ബന്ധമോ ഉള്ള കാര്യമാണ് തുടർന്ന് പറയുന്നത് എന്ന് സൂചിപ്പിക്കാനും كَمَآ ഉപയോഗിക്കും. അപ്പോൾ അത് كدأب, كَذَٰلِكَ തുടങ്ങിയ പദങ്ങൾക്ക് തുല്യമാകുന്നു. അതിന് കൃത്യമായ ഉപമാനമോ ഉപമേയമോ പറയണമെന്നില്ല. നേരത്തേ പറഞ്ഞ മൊത്തം സംഭവവുമായി തുടർന്ന് പറയുന്ന സംഭവത്തെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് അവിടെ كَمَآ. ഇവിടെ كَمَآ-യെ ഉപമാസൂചകമായി എടുക്കുമ്പോൾ ചില വാക്കുകൾ നിരുക്തമായിട്ടുണ്ടെന്നും പൂർണ രൂപം ഇങ്ങനെയാണെന്നും ഭാഷാ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. هذه الحال كحال ما أخرجك- ഈ അവസ്ഥ, നിന്നെ പുറപ്പെടുവിച്ച അവസ്ഥ പോലെയാണ്. യഥാർഥത്തിൽ തങ്ങൾക്ക് ഗുണകരമായ കാര്യം തുടക്കത്തിൽ വിശ്വാസികൾക്ക് അരോചകമായി തോന്നി എന്നതാണ് രണ്ടും തമ്മിലുള്ള സാദൃശ്യം.

ഇവിടെ സൂചിപ്പിക്കുന്ന സംഭവം ഇതാണ്: ഹിജ്റ രണ്ടാം വർഷം റമദാൻ ആദ്യവാരത്തിൽ (പ്രവാചകന്റെ ഹിജ്റയുടെ പതിനെട്ടാം മാസം) ശാമിൽനിന്ന് ഖുറൈശികളുടെ ഒരു വൻ കച്ചവടസംഘം അബൂസുഫ്യാന്റെ നേതൃത്വത്തിൽ മദീനാവഴി മക്കയിലേക്ക് സഞ്ചരിക്കുന്നുണ്ടെന്ന് നബി(സ)ക്ക് വിവരം ലഭിച്ചു. അദ്ദേഹം ത്വൽഹത്തുബ്നു ഉബൈദില്ല, സഈദുബ്നു സൈദ് എന്നീ ശിഷ്യന്മാരെ ഈ കച്ചവടസംഘം മദീനക്കടുത്ത് എവിടെ, എപ്പോൾ എത്തുമെന്നും അവരുടെ ശക്തിയും സജ്ജീകരണങ്ങളുമെല്ലാം എത്രയുണ്ടെന്നും അറിയാൻ നിയോഗിച്ചു. വ്യാപാരസംഘം കടന്നുപോകുന്നതുവരെ അവർ ഹൗറാഅ് എന്ന സ്ഥലത്ത് ഒളിച്ചു പാർത്തു. സംഘം കടന്നുപോയ ഉടനെ പ്രവാചകനെ വിവരമറിയിക്കാൻ ദൗത്യസംഘം മദീനയിലേക്ക് കുതിച്ചു. എന്നാൽ പ്രവാചകൻ(സ) അവർ തിരിച്ചെത്തുന്നതിനു മുമ്പുതന്നെ മുസ്‌ലിംകളെ വിളിച്ചുകൂട്ടി ആഹ്വാനം ചെയ്തു: ഖുറൈശികളുടെ വലിയൊരു കച്ചവടസംഘം വരുന്നുണ്ട്. നമ്മുടെ ധനമാണ് അവരുടെ കൈവശമുള്ളത്. നമുക്കത് പിടിച്ചെടുക്കാൻ പുറപ്പെടാം. മുസ്‌ലിംകളിൽ ചിലർക്ക് ഈ ആഹ്വാനം പെട്ടെന്ന് ഉൾക്കൊള്ളാനായില്ല. കഴിഞ്ഞ പതിനഞ്ചു വർഷത്തോളമായി പ്രവാചകൻ തുടർന്നുവന്നത് അക്രമരഹിതമായ പ്രബോധന പ്രവർത്തനമായിരുന്നു. പ്രതിയോഗികളിൽനിന്ന് കൊടിയ അക്രമമർദനങ്ങളേറ്റു വാങ്ങു

കയല്ലാതെ തിരിച്ചടിക്കുന്നതിനെക്കുറിച്ച് ഒരിക്കലും സംസാരിച്ചിരുന്നില്ല. ഇതു മാത്രമാണ് പ്രവാചകന്മാരുടെ മാർഗമെന്നും ഒരു സാഹചര്യത്തിലും പ്രത്യാക്രമണം പ്രബോധന പ്രസ്ഥാനത്തിനു ഭൂഷണമല്ലെന്നും കരുതിയ ഏറെപ്പേരുണ്ടായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം കച്ചവടസംഘത്തെ തടയാനുള്ള പുറപ്പാട് വലിയൊരു നയമാറ്റമാണ്. വേറെ ചിലർ പ്രവാചകന്റെ പുറപ്പാടിനെ കണ്ടത് ആപത്കരമായ സാഹസമായിട്ടാണ്. ഖുറൈശികളോട് ഏറ്റുമുട്ടി വിജയിക്കാൻ മുസ്‌ലിംകൾക്ക് ഒരിക്കലും കഴിയില്ല. തൽക്കാലം കച്ചവടസംഘത്തെ തടയാനായാലും വിവരമറിയുന്ന ഖുറൈശികൾ ഇളകിയാർത്തുവന്നാൽ അതോടെ മുസ്‌ലിംസമൂഹത്തിന്റെ കഥകഴിയുമെന്ന് അവർ ഭയപ്പെട്ടു. ഇത്തരം ആശങ്കകളാൽ തന്നോടൊപ്പം പുറപ്പെടാൻ മടിച്ചവരെയൊന്നും പ്രവാചകൻ(സ) നിർബന്ധിക്കുകയുണ്ടായില്ല. ഒടുവിൽ ഹിജ്റ രണ്ടാം ആണ്ട് റമദാൻ 8-ന് മൂന്നൂറ്റിപ്പതിമൂന്നോ പതിനേഴോ പേരാണ് പ്രവാചകനോടൊപ്പം പുറപ്പെടാൻ തയാറായത്. മുന്നൂറ്റി അഞ്ച് എന്നും നിവേദനമുണ്ട്. മുന്നൂറ്റിപ്പതിമൂന്നാണ് ഏറെ പ്രചാരമുള്ള നിവേദനം. ഇവരിൽതന്നെയും ചിലർ ഇതൊരു അതിസാഹസമാണെന്ന് ചിന്തിച്ച് മനമില്ലാ മനസ്സോടെയാണ് പുറപ്പെട്ടത്.

അച്ചടക്കമുള്ള വിശ്വാസിസമൂഹം എന്ന നിലയിൽ അവർ ചെയ്യേണ്ടിയിരുന്നത് പ്രവാചകൻ(സ) എന്തു കൽപിച്ചുവോ അത് നിസ്സങ്കോചം അനുസരിക്കാൻ തയാറാവുകയായിരുന്നു. അവരോട് അഭിപ്രായം ആരായുന്നുവെങ്കിൽ മാത്രം സ്വാഭിപ്രായങ്ങൾ വെളിപ്പെടുത്താം. കാരണം, പ്രവാചകനെ നയിക്കുന്നത് അല്ലാഹുവാണ്. അല്ലാഹു ഒരിക്കലും അവന്റെ ദൂതനെ തെറ്റായ ദൗത്യത്തിനു നിയോഗിക്കുകയില്ല. തുടക്കത്തിൽ ഈ തത്ത്വം മറന്നുപോയത് വലിയൊരു വീഴ്ചയായി. ബദ്ർ സംഭവത്തിലുണ്ടായ വമ്പിച്ച വിജയം അക്കാര്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതായത്, പ്രവാചകന്റെ പുറപ്പാട് അബദ്ധമോ അതിസാഹസമോ അല്ലെന്നും ന്യായയുക്തമായിരുന്നുവെന്നും.

بِالْحَقِّ എന്ന വാക്കിനെയാണ് 'ന്യായയുക്തം' എന്ന് തർജമ ചെയ്തിട്ടുള്ളത്. സത്യമായി, യാഥാർഥ്യമായി എന്നാണ് ഭാഷാർഥം. പ്രവാചകൻ(സ) യുദ്ധത്തിന് പുറപ്പെട്ടത് സത്യത്തിന്റെയും ധർമത്തിന്റെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽതന്നെയായിരുന്നുവെന്നും ചിലർ കരുതിയതുപോലെ അത് പ്രവാചകധർമത്തിനു യോജിക്കാത്തതോ വേറെ ചിലർ കരുതിയതുപോലെ അതിസാഹസമോ ആയിരുന്നില്ല എന്നുമാണ് ഇവിടെ അതിന്റെ താൽപര്യം. كَمَا أَخْرَجَكَ رَبُّكَ (നിന്റെ നാഥൻ നിന്നെ പുറപ്പെടുവിച്ചത്) എന്ന്, പുറപ്പാടിന്റെ കർതൃത്വം അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞതും ശ്രദ്ധേയമാണ്. പ്രവാചകൻ(സ) സ്വന്തം നിലയിൽ എടുത്തതായിരുന്നില്ല പുറപ്പെടാനുള്ള തീരുമാനം, അല്ലാഹു അദ്ദേഹത്തെ പുറപ്പെടുവിക്കുകയായിരുന്നു. ഈ യാഥാർഥ്യം അവഗണിച്ചുകൊണ്ട് അന്ന് യുദ്ധത്തിന്റെ യുക്തിയെക്കുറിച്ച് തർക്കിച്ചതുപോലെത്തന്നെയാണ് യുദ്ധാനന്തരം യുദ്ധമുതലുകളുടെ വിതരണം സംബന്ധിച്ച പ്രവാചകന്റെ തീരുമാനത്തെക്കുറിച്ചും അവർ തർക്കിക്കുന്നത്. അല്ലാഹു എന്ത് നിർദേശിക്കുന്നുവോ അതാണ് പ്രവാചകൻ പ്രവർത്തിക്കുന്നതെന്നും അതൊരിക്കലും അന്യായമോ അബദ്ധമോ ആവില്ലെന്നും മറിച്ച് അവർക്കുതന്നെ ഏറെ ഗുണകരമായിത്തീരുമെന്നും അവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ യുദ്ധവിജയത്തിന്റെ ശിൽപികളെന്നഭിമാനിക്കുകയും അതിന്റെ പേരിൽ യുദ്ധമുതലുകളിൽ പൂർണമായ അവകാശം ഉന്നയിക്കുകയും ചെയ്യുന്ന പലരും അന്ന് ഈ യുദ്ധത്തെ ഭയക്കുകയും വെറുക്കുകയുമായിരുന്നു. അറിഞ്ഞുകൊണ്ട് മരണത്തിലേക്ക് ആട്ടിത്തെളിക്കപ്പെടുന്നതുപോലെയാണ് അവർ പ്രവാചകനോടൊപ്പം സഞ്ചരിച്ചിരുന്നത്.

മദീനാ പ്രദേശത്ത് മുസ്‌ലിംകളുടെ ഉപരോധം നേരിടാനുള്ള സാധ്യതയെക്കുറിച്ച് ബോധവാന്മാരായിരുന്നു അബൂസുഫ്‌യാനും കച്ചവടസംഘവും. അതുകൊണ്ട് വളരെ കരുതലോടെയാണവർ സഞ്ചരിച്ചത്. മദീനക്കടുത്തെത്തിയപ്പോൾ തങ്ങൾ സഞ്ചരിക്കുന്ന വഴിക്ക് മുസ്‌ലിംകളുടെ സാന്നിധ്യമുണ്ടോ എന്ന് അബൂസുഫ്‌യാൻ പ്രത്യേകം അന്വേഷിച്ചുകൊണ്ടിരുന്നു. ജുഹൈന ഗോത്രത്തിന്റെ പ്രദേശത്ത് ചില മുസ്‌ലിംകൾ എത്തിയതായും പ്രവാചകനും ഒരു സംഘം മുസ്‌ലിംകളും തങ്ങൾക്കു നേരെ പുറപ്പെട്ടിട്ടുള്ളതായും അദ്ദേഹം മനസ്സിലാക്കി. ഉടനെ, തന്നെയും കച്ചവടച്ചരക്കുകളെയും മുസ്‌ലിംകളിൽനിന്ന് രക്ഷിക്കാൻ ഓടിയെത്തണമെന്ന സന്ദേശവുമായി ളംളമു ബ്നു ഗിഫാരി എന്ന ഒരു ദൂതനെ മക്കയിലേക്കയച്ചു. അതോടൊപ്പം കച്ചവടസംഘത്തെ കടൽക്കരയിലൂടെയുള്ള മറ്റൊരു വഴിയിലൂടെ തന്ത്രപൂർവം തിരിച്ചുവിടുകയും ചെയ്തു.

അബൂസുഫ്‌യാന്റെ ദൂതൻ മക്കയിലെത്തി വിവരമറിയിച്ചതോടെ ഖുറൈശികൾ ഇളകിമറിഞ്ഞു. ഏതാണ്ട് എല്ലാ ഖുറൈശികൾക്കും ഓഹരിയുള്ളതായിരുന്നു അബൂസുഫ്‌യാന്റെ വ്യാപാരം. അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ഉടൻതന്നെ ആയിരത്തോളം ഭടന്മാരടങ്ങുന്ന ഒരു പട മുസ്‌ലിംകളെ ലക്ഷ്യമാക്കി പുറപ്പെട്ടു. ധാരാളം ഒട്ടകങ്ങളും കുതിരകളുമുള്ള ആ പട അന്നത്തെ നിലയിൽ സർവായുധസജ്ജമായിരുന്നു. എങ്കിലും ഈ പടപ്പുറപ്പാടിനോട് ഉള്ളുകൊണ്ട് വിയോജിക്കുന്ന ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരുടെ വിലയിരുത്തൽ ഇങ്ങനെയായിരുന്നു: ഖുറൈശികളുടെ നിഷ്ഠുരമായ മർദനം മൂലമാണ് മുസ്‌ലിംകൾ മക്ക വിട്ടുപോയത്. അവരുടെ സമ്പത്തത്രയും ഖുറൈശികൾ കൈയടക്കിയിട്ടുണ്ട്. മദീനയിൽനിന്നും അവരെ തുരത്താൻ ഖുറൈശികൾ പദ്ധതിയിടുകയാണെന്നും മുസ്‌ലിംകൾക്കറിയാം. ഈ സാഹചര്യത്തിൽ മുഹമ്മദും കൂട്ടരും ഖുറൈശികളുടെ കച്ചവടം തടയാൻ ശ്രമിക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ അബൂസുഫ്‌യാൻ എന്തെങ്കിലും തന്ത്രമുപയോഗിച്ച് മുഹമ്മദിനെ വെട്ടിച്ച് തങ്ങളുടെ ധനം രക്ഷിച്ചുകൊണ്ടുവന്നുകൊള്ളും. ഈ സന്ദർഭത്തിൽ യുദ്ധത്തേക്കാൾ മുഖ്യമായി പരിഗണിക്കേണ്ടത് മുഹമ്മദുമായി ഒരു സമാധാനസന്ധിയുണ്ടാക്കുന്നതിനെക്കുറിച്ചാണ്. ഖുറൈശികളുമായി ശത്രുതയുള്ള പ്രബലമായ ഒരു ഗോത്രമാണ് കിനാനഃ. മദീനക്കു നേരെ പുറപ്പെടുന്ന ഖുറൈശികളെ അവർ പിന്നിൽനിന്ന് ആക്രമിക്കാനിടയുണ്ട്. അങ്ങനെ സംഭവിച്ചാൽ ഈ പടപ്പുറപ്പാട് ഒരു വൻദുരന്തമായിത്തീരും. പക്ഷേ യുദ്ധാവേശത്താൽ അന്ധരായ ഖുറൈശിസമൂഹത്തിന്റെ പൊതുമനസ്സിൽ അപ്പോൾ ഇത്തരം ചിന്തകൾക്കൊന്നും സ്വാധീനം നേടാനായില്ല. അതുകൊണ്ട് യുദ്ധത്തോട് വിയോജിപ്പുള്ളവർക്കും അബൂജഹ്‌ലിനോടൊപ്പം പുറപ്പെടേണ്ടിവന്നു. അതിനിടക്ക് കിനാന ഗോത്രം പിന്നിൽനിന്ന് ഖുറൈശികളെ ആക്രമിക്കുകയില്ല എന്ന് ഉറപ്പു നൽകിക്കൊണ്ടുള്ള, ഗോത്രത്തലവൻ മാലികുബ്നു ജുഉ്ശുമിന്റെ പ്രഖ്യാപനം പുറത്തുവന്നത് ഖുറൈശികളെ കൂടുതൽ ആവേശഭരിതരാക്കുകയും ചെയ്തു.

അബൂസുഫ്‌യാനും സംഘവും വഴിമാറിയത് മുസ്‌ലിംകൾ യഥാസമയം അറിഞ്ഞില്ല. പ്രവാചകനും സ്വഹാബത്തും ദിഫ്റാൻ എന്ന സ്ഥലത്ത് അവരുടെ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. രക്ഷപ്പെട്ട അബൂസുഫ്‌യാൻ അപകടമേഖല പിന്നിട്ടപ്പോൾ മക്കയിലേക്ക് വീണ്ടും ദൂതനെ അയച്ചു. 'കച്ചവടസംഘം രക്ഷപ്പെട്ടിരിക്കുന്നു. തങ്ങളെ സഹായിക്കാൻ പുറപ്പെട്ടവർ തിരിച്ചുപോരണം.' പക്ഷേ അബൂജഹ്ൽ തിരിച്ചുപോകാൻ സന്നദ്ധനായില്ല. ഖുറൈശികളുടെ ശക്തിയും ശൗര്യവും മുസ്‌ലിംകൾക്കും മറ്ററബി ഗോത്രങ്ങൾക്കും നല്ലവണ്ണം കാണിച്ചുകൊടുത്തേ അടങ്ങൂ എന്ന വാശിയിലായിരുന്നു അയാൾ. അബൂസുഫ്‌യാന്റെ സന്ദേശം മാനിച്ച് തിരിച്ചുപോകാനാഗ്രഹിച്ച

വരെ അയാൾ ഭീരുക്കളെന്ന് മുദ്രകുത്തി. ആക്ഷേപം ഭയന്ന് എല്ലാവരും മുന്നോട്ടുപോകാൻ തന്നെ തീരുമാനിച്ചു. എന്നാൽ സുഹ്റാ ഗോത്രം അവരുടെ നേതാവ് അഖ്നസുബ്നു ശരീഖിന്റെ ഉപദേശം മാനിച്ച് തിരിച്ചുപോയി.

നബി(സ)യും കൂട്ടരും ദിഫ്റാനിലെത്തി ഒരു ദിവസം പിന്നിട്ടപ്പോൾ അബൂസുഫ്യാനും സംഘവും തങ്ങളെ വെട്ടിച്ച് കടന്നുകളഞ്ഞതായി മനസ്സിലാക്കി. ഒപ്പം വമ്പിച്ച ഒരു ഖുറൈശിപ്പട തങ്ങൾക്കെതിരെ കുതിച്ചുവരുന്ന വിവരവും ലഭിച്ചു. പ്രവാചകൻ(സ) അനുചരന്മാരുമായി കൂടിയാലോചന നടത്തി. ദൈവദൂതൻ എടുക്കുന്ന ഏതു തീരുമാനവും അനുസരിക്കാൻ തങ്ങൾ സർവാത്മനാ സന്നദ്ധരാണെന്ന് ഭൂരിപക്ഷം മുഹാജിറുകളും അൻസ്വാറുകളും അറിയിച്ചു. എന്നാൽ 50-ൽ താഴെ അംഗങ്ങളുള്ള കച്ചവടസംഘത്തെ നേരിടാൻ തന്നെ പേടിച്ചിരുന്നവർ ഖുറൈശികളുടെ പടപ്പുറപ്പാട് കൂടി കേട്ടപ്പോൾ തീരെ വിരണ്ടുപോയിരുന്നു. ഒന്നും വേണ്ട, വേഗം മദീനയിലേക്ക് തിരിച്ചുപോകണം എന്നായിരുന്നു അവരുടെ നിലപാട്. അഥവാ മുന്നോട്ടുപോവുകയാണെങ്കിൽതന്നെ അത് കച്ചവടസംഘത്തെ തേടിയാവണം. ഖുറൈശി സൈന്യവുമായി ഏറ്റുമുട്ടാനിടയാവരുത്. പക്ഷേ, പ്രവാചകൻ(സ) ഖുറൈശിസൈന്യത്തെ നേരിടാൻ തന്നെ തീരുമാനിച്ചു. ഭിന്നാഭിപ്രായക്കാർ അതിനെ കണ്ടത് തങ്ങൾ വ്യക്തമായി കണ്ടുകൊണ്ടുതന്നെ മരണത്തിന്റെ വായിലേക്ക് ആട്ടിത്തെളിക്കപ്പെടുന്നതുപോലെയാണ്.

ഇവിടെ 'നിന്നോടവർ തർക്കിക്കുന്നു' - يُجَـٰدِلُونَكَ - എന്നു പറഞ്ഞത് ശിഷ്യന്മാർ പ്രവാചകനുമായി വാഗ്വാദത്തിലേർപ്പെട്ടു എന്നോ, തീരുമാനം ഇങ്ങനെയാണെങ്കിൽ ഞങ്ങൾ അനുസരിക്കില്ല എന്നു പറഞ്ഞുവെന്നോ ഉള്ള അർഥത്തിലല്ല. പ്രത്യക്ഷത്തിൽ അങ്ങനെയൊന്നും ആരിൽനിന്നും ഉണ്ടായിട്ടില്ല. സംവാദം, സ്വന്തം നിലപാട് അപരനെക്കൊണ്ടംഗീകരിപ്പിക്കാൻ ഉന്നയിക്കുന്ന കൗശലം, വായ്ത്താരി എന്നീ അർഥങ്ങളും جدال-ന് ഉണ്ട്. ഇവിടെ അതാണുദ്ദേശ്യം. ഖുറൈശിപ്പടയുമായി ഏറ്റുമുട്ടുക എന്ന അതിസാഹസത്തിൽനിന്ന് രക്ഷപ്പെടുകയായിരുന്നു അവരുടെ ലക്ഷ്യം. അതിനുവേണ്ടി പ്രവാചകന്റെയും കൂട്ടരുടെയും ശ്രദ്ധ കച്ചവടസംഘത്തിലേക്കും അവരെ കീഴടക്കിയാലുണ്ടാകാവുന്ന സാമ്പത്തിക നേട്ടങ്ങളിലേക്കും തിരിക്കാൻ ശ്രമിക്കുകയായിരുന്നു അവർ. എല്ലാ ഖുറൈശി കുടുംബങ്ങൾക്കും പങ്കാളിത്തമുള്ള കച്ചവടം തകരുന്നതോടെ സാമ്പത്തികമായി അവരുടെ നട്ടെല്ലൊടിയും. പിന്നെ മദീനക്കെതിരെ പടനയിക്കാൻ അവർക്കാവില്ല. നമുക്കാണെങ്കിൽ ഖുറൈശികൾ പിടിച്ചെടുത്ത ധനം തിരിച്ചുകിട്ടുകയും ചെയ്യും. വാസ്തവത്തിൽ ഇത്തരം ന്യായങ്ങളിലൂടെ അവർ നടത്തിയിരുന്നത് ആത്മവഞ്ചനയാണ്. പ്രവാചകൻ ഈ സംരംഭത്തിനിറങ്ങിയതിന്റെ ലക്ഷ്യവും പ്രചോദനവും അവർക്ക് നന്നായറിയാം. അബദ്ധങ്ങളിലേക്കോ ആപത്തുകളിലേക്കോ അദ്ദേഹം അവരെ നയിക്കുകയില്ല. അവരോട് അദമ്യമായ സ്നേഹവും കാരുണ്യവുമുണ്ട് അദ്ദേഹത്തിന്. അവർക്ക് കഷ്ടനഷ്ടങ്ങളുണ്ടാക്കുന്ന യാതൊരു നടപടിയും അദ്ദേഹം സ്വീകരിക്കുകയില്ല. ഇതെല്ലാം വ്യക്തമായി അറിഞ്ഞുകൊണ്ടുതന്നെയാണവർ ഭീരുത്വം മൂലം അദ്ദേഹത്തിന്റെ തീരുമാനത്തിന്റെ യുക്തിയെയും ന്യായത്തെയും ചോദ്യം ചെയ്യുന്നത് എന്നാണ് يُجَـٰدِلُونَكَ فِى ٱلْحَقِّ بَعْدَ مَا تَبَيَّنَ (സത്യം വ്യക്തമായി കഴിഞ്ഞിട്ടും നിന്നോടവർ തർക്കിച്ചുകൊണ്ടിരിക്കുന്നു) എന്ന വാക്യത്തിന്റെ താൽപര്യം. ■